## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### നിർബന്ധിത മതംമാറ്റം

1 (3194) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2006-നുശേഷം എത്ര മതംമാറ്റങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മതംമാറ്റങ്ങളിൽ എത്ര യുവതികൾ മതം മാറിയിട്ടുണ്ടെന്നും അവർ ഏത് മതത്തിലേക്കാണ് മാറിയതെന്നും മതംമാറ്റത്തിനുമുമ്പ് അവർ ഏത് മതത്തിൽ അല്ലെങ്കിൽ ജാതിയിൽപ്പെട്ടവരായിരുന്നുവെന്നും വ്യക്തമാക്കുമോ ;

(സി) ഒരു പ്രത്യേക മതത്തിലേക്കാണ് ഈ മതംമാറ്റങ്ങളിൽ ഭൂരിപക്ഷവും നടന്നിട്ടുള്ളതെങ്കിൽ ആയതിന് പിന്നിൽ ഏതെങ്കിലും ബാഹ്യ ശക്തികളുടെ പ്രേരണയുണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഇ) ഒരു പ്രത്യേക മതത്തിലേക്ക് മാത്രം മതംമാറ്റം വ്യാപകമായി നടക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ജി) ഇല്ലെങ്കിൽ സമഗ്രമായ അന്വേഷണം നടത്തുന്നതിന് തയ്യാറാകുമോ ;

(എച്ച്) മതംമാറ്റം സംബന്ധിച്ച റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

### ഉത്തരം

(എ) ഇസ്ലാം മതത്തിലേക്ക് 7713 പേർ മതം മാറിയിട്ടുണ്ട്.

2803 പേർ ഹിന്ദുമതത്തിലേക്ക് പരിവർത്തനം ചെയ്തതായി അറിയുന്നു.

ക്രിസ്തുമതത്തിലേക്കുള്ള പരിവർത്തനം സംബന്ധിച്ച് കൃത്യമായ കണക്ക് ലഭ്യമല്ല.

(ബി) ഇസ്ലാം മതത്തിലേക്ക് ഈ കാലയളവിൽ 2687 യുവതികൾ മതം മാറിയിട്ടുണ്ട്. ഇതിൽ 2195 ഹിന്ദു യുവതികളും 492 ക്രിസ്ത്യൻ യുവതികളും ഉൾപ്പെടുന്നു.

ക്രിസ്തുമതത്തിലേക്ക് 2009 മുതൽ 31-3-2012 വരെ 79 യുവതികൾ പരിവർത്തനം ചെയ്തതായി അറിയുന്നു. ഇതേ കാലയളവിൽ ഹിന്ദുമതത്തിലേക്ക് 8 യുവതികൾ തിരുവനന്തപുരം ആര്യസമാജം വഴി മതം മാറിയിട്ടുണ്ട്. ഇവർ ഏതു സമുദായത്തിൽ നിന്നാണ് ഹിന്ദു/ക്രിസ്ത്യൻ മതങ്ങളിലേക്ക് വന്നത് എന്ന വിവരം ലഭ്യമല്ല.



LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

(ജി) സമഗ്രമായ അന്വേഷണം ആവശ്യമാണെന്ന് വരുന്ന സാഹചര്യത്തിൽ അക്കാര്യം പരിഗണിക്കുന്നതാണ്.

(എച്ച്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഡൽഹി സന്ദർശനം**

2 (3195) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന മുഖ്യമന്ത്രിയും ഏതെല്ലാം മന്ത്രിമാരും എത്ര തവണ ഡൽഹി സന്ദർശിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഓരോ യാത്രയിലും മുഖ്യമന്ത്രിയും മന്ത്രിമാരും സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങളാണ് കേന്ദ്ര സർക്കാരിനു മുന്നിൽ സമർപ്പിച്ചതെന്ന് വിശദമാക്കുമോ ;

(സി) ഈ സമർപ്പിക്കപ്പെട്ട ആവശ്യങ്ങളിൽ ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്രസർക്കാർ ഇതിനകം അനുമതി നൽകിയതെന്ന് വെളിപ്പെടുത്താമോ ;

(ഡി) ആയതിനായി കേന്ദ്ര സർക്കാർ എന്തു തുക നീക്കി വച്ചിട്ടുണ്ടെന്നും ഇതിനകം എന്തു തുക സംസ്ഥാന സർക്കാർ കൈപ്പറ്റിയെന്നും വിശദമാക്കാമോ ?

**ഉത്തരം**

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിമാരുടെ സംഘം 3 തവണ ഡൽഹി സന്ദർശിക്കുകയും കേന്ദ്ര സർക്കാരിന്റെ മുമ്പാകെ നിരവധി പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു.

(സി) കൊച്ചി മെട്രോ റയിൽ പദ്ധതിക്ക് പബ്ലിക് ഇൻവെസ്റ്റ്മെന്റ് ബോർഡിന്റെ അംഗീകാരം, അട്ടപ്പാടിയിൽ സമഗ്ര പരിസ്ഥിതി സംരക്ഷണ പദ്ധതി, റേഷൻകടകളുടെ നവീകരണത്തിന് പന്ത്രണ്ടാം പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം, സംസ്ഥാനത്തിന്റെ ആവശ്യത്തിന് അരിയും ഗോതമ്പും അനുവദിക്കൽ, ന്യായവില കടകളിലൂടെ അവശ്യസാധനങ്ങളുടെ വിതരണം, സിൽക്കും എച്ച്.ഇ.എൽ. മായുള്ള സംയുക്ത സംരംഭം, ഭാരത് ഹെവി ഇലക്ട്രിക്കൽ ലിമിറ്റഡും കേരള സർക്കാരുമായിച്ചേർന്ന് കാസർഗോഡ് ആരംഭിക്കുന്ന BHEL,